പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 282 25/04/2017-ൽ മറുപടിക്ക്

## കൊളസ്ട്രോൾ രോഗികൾക്ക് ഗുളികകൾ സൗജന്യമായി നൽകുന്നതിന് പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം.ഉമ്മർ** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്തെ പി.എച്ച്.സി. സബ്സെന്ററുകൾ വഴി ഡയബറ്റിസ്, പ്രഷർ, കൊളസ്ട്രോൾ രോഗികൾക്ക് ഗുളികകൾ സൗജന്യമായി നൽകുന്നതിന് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | എ) | സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ജീവിതശൈലീരോഗ നിയന്ത്രണ പദ്ധതി പ്രകാരം ജീവിതശൈലീ രോഗങ്ങളായ പ്രമേഹം, രക്താതിസമ്മർദ്ദം, ഹൃദ്രോഗം, കൊളസ്ട്രോൾ തുടങ്ങിയ രോഗങ്ങൾക്ക് സൗജന്യമായാണ് മരുന്നുകൾ വിതരണം ചെയ്യുന്നത്. വിദഗ്ദരുടെ സമിതി തയ്യാറാക്കിയ ചികിത്സാ പ്രോട്ടോക്കോളിന്റെ അടിസ്ഥാനത്തിലുള്ള മരുന്നുകളാണ് ആരോഗ്യ വകുപ്പിന് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്ത് വരുന്നത്. ഈ സൗജന്യമരുന്ന് വിതരണം സബ് സെന്റർ തലം വരെ നൽകുന്നതിനായി ആരോഗ്യ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിലൂടെ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും മരുന്നുകൾ സൗജന്യമായി അവർക്ക് പ്രാപ്യമായ കേന്ദ്രങ്ങളിൽ നിന്ന് ലഭിക്കുന്നതിന് സൗകര്യം ഒരുക്കിയിട്ടുണ്ട്. |
| ബി) | പ്രസ്തുത പദ്ധതിയുടെ കരടുനിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | ബി) | വിദഗ്ധ സമിതി തയ്യാറാക്കിയ പ്രൊട്ടോക്കോൾ പ്രകാരമുള്ള മരുന്നുകൾ സംസ്ഥാനത്ത് എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വരെയും ലഭ്യമാണ്. എന്നാൽ ഒരു പഞ്ചായത്തിന്റെ ഒരു കോണിൽ സ്ഥിതി ചെയ്യുന്ന ആരോഗ്യ കേന്ദ്രത്തിലേയ്ക്ക് ആ പഞ്ചായത്തിലെ മറ്റ് പ്രദേശങ്ങളിൽ താമസിക്കുന്ന അവശത അനുഭവിക്കുന്നതും ശയ്യാവലംബരും ആയ നിരവധി രോഗികൾക്ക് അപ്രാപ്യമാണെന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ മരുന്ന് വിതരണം സബ് സെന്റർ തലത്തിലേയ്ക്ക് മാറ്റുവാനുള്ള നിർദ്ദേശം ആരോഗ്യ വകുപ്പ് കൈക്കൊണ്ടു. മരുന്ന് ആവശ്യമുള്ള രോഗികളുടെ എണ്ണത്തിന് ആനുപാതികമായ സ്റ്റോക്ക് ഡോക്ടറുടെ നിർദ്ദേശ പ്രകാരം ഫാർമസിസ്റ്റിന്റെ പക്കൽ നിന്നും ഡിസ്പെൻസ് ചെയ്ത് ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരെ ഏൽപ്പിക്കുകയും സബ് സെന്ററിൽ വച്ച് മരുന്ന് വിതരണം ചെയ്യുന്നതിനും ജെ.പി.എച്ച്.എൻ-മാരെ ചുമതലപ്പെടുത്തിയിട്ടുമുണ്ട് . എന്നാൽ ഡോക്ടറുടെ നിർദ്ദേശമില്ലാതെ മരുന്ന് നൽകുന്നതിനോ, ഡോസ് വ്യത്യാസപ്പെടുത്തുന്നതിനോ, മരുന്ന് മാറി നൽകുന്നതിനോ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സിന് അധികാരം ഉണ്ടായിരിക്കുന്നതല്ല |

സെക്ഷൻ ഓഫീസർ